നം.എൻ.ഇ.പി(1)/13947/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 12.02.2014

## വിജ്ഞാപനം

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി (IDMI) കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരം 2014-15 സാമ്പത്തികവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പൂർണമായും ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. www.itschool.gov.in/idmi എന്ന വെബ്സൈറ്റിൽ അപേക്ഷ ലഭ്യമാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, ഓൺലൈൻവഴി അനുബന്ധരേഖകൾ സഹിതം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ഈ പദ്ധതിപ്രകാരം ഗ്രാന്റിന് അപേക്ഷിക്കാവുന്നതാണ്. സർക്കാർ അംഗീകാരവും ന്യൂനപക്ഷ പദവിയും ലഭിച്ചിട്ടുള്ളതും തുടർച്ചയായി മൂന്ന് വർഷത്തിൽ കുറയാതെ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ സന്നദ്ധ സംഘടനവഴി അപേക്ഷകൾ 28.02.2014 വരെ നൽകാവുന്നതാണ്. അപേക്ഷ പ്രിന്റൗട്ട് എടുത്ത് അനുബന്ധ രേഖകൾ സഹിതം 03.03.2014-നു മുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ എത്തിക്കേണ്ടതാണ്. അവസാന തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൽ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഓൺലൈൻവഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. അപേക്ഷയുടെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും ആവശ്യമില്ലാത്ത കോളങ്ങളിൽ NOT APPLICABLE എന്ന് രേഖപ്പെടുത്തേണ്ടതാണ്.
3. www.itschool.gov.in/idmi എന്ന വെബ്സൈറ്റിൽ 12.02.2014 മുതൽ അപേക്ഷ ലഭ്യമാണ്.
4. അപേക്ഷിക്കേണ്ട അവസാന തീയതി 28.02.2014 ആണ്.
5. ഓൺലൈൻ വഴി അയക്കുന്ന അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് 03.03.2014 നുമുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ എത്തിക്കേണ്ടതാണ്.
6. അപേക്ഷയോടൊപ്പം അംഗീകാരം ലഭിച്ച ഉത്തരവിന്റെയും ന്യൂനപക്ഷ പദവി ലഭിച്ച ഉത്തരവിന്റെയും പകർപ്പ് നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്.
7. നടത്തുവാൻ ഉദ്ദേശിക്കുന്ന പണികളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. ഈ പ്ലാൻ ഒരു സർക്കാർ/തദ്ദേശ സ്വയംഭരണ എൻജിനീയർ അംഗീകരിക്കേണ്ടതാണ്. ഇത് പിന്നീട് മാറ്റുവാൻ പാടുള്ളതല്ല.

## ഓൺലൈൻ അപേക്ഷാ നിർദേശങ്ങൾ

1. www.itschool.gov.in/idmi എന്ന വെബ്സൈറ്റിൽ അപേക്ഷ ലഭ്യമാണ്.
2. New Application ൽ ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന അപേക്ഷാഫോമിൽ കാണിച്ചിട്ടുള്ള വിവരങ്ങൾ പൂർണമായും പൂരിപ്പിക്കുക. ഒരു കോളവും

ഒഴിച്ചിടുവാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങളിൽ NOT APPLICABLE എന്ന് രേഖപ്പെടുത്തുക.

3. മുഴുവൻ കോളങ്ങളും പൂരിപ്പിച്ചതിനുശേഷം Submit ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പറും ഐ.ഡി.യും സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. അപേക്ഷയിൽ മാറ്റം വരുത്തുകയോ പ്രിന്റ് എടുക്കുകയോ ചെയ്യണമെങ്കിൽ ഈ നമ്പറുകൾ ആവശ്യമാണ്.
4. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിൽ മാറ്റം വരുത്താൻ Edit Application ക്ലിക്കുചെയ്യുക. ലഭിച്ചിട്ടുള്ള ആപ്ലിക്കേഷൻ നമ്പറും ഐ.ഡിയും നൽകിയാൽ അവസാന തീയതിക്കുമുമ്പായി മാറ്റങ്ങൾ വരുത്താവുന്നതാണ്.
5. അപേക്ഷകൾ പ്രിന്റ് എടുക്കുവാൻ Print Application ക്ലിക്കുചെയ്യുക. ആപ്ലിക്കേഷൻ നമ്പറും ഐ.ഡിയും നൽകി പ്രിന്റൗട്ട് എടുക്കാവുന്നതാണ്. അപേക്ഷയുടെ പാർട്ട് രണ്ടും പ്രിന്റൗട്ട് എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾ edp.dpi@gmail.com. എന്ന മെയിലിലോ 8301032174 (രാവിലെ 10 മണിമുതൽ വൈകുന്നേരം 6 മണിവരെ) എന്ന ഫോൺ നമ്പറിലോ ആവശ്യപ്പെടാവുന്നതാണ്.
7. അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ സമർപ്പിച്ചുകഴിഞ്ഞാൽ മാറ്റങ്ങൾ വരുത്തുവാൻ പാടുള്ളതല്ല.

**<u>മുൻപ് അപേക്ഷ നൽകിയ സ്കൂളുകളുടെ ശ്രദ്ധയ്ക്ക്</u>**

മുൻവർഷങ്ങളിൽ അപേക്ഷ നൽകിയ സ്ഥാപനങ്ങളിൽ ഗ്രാന്റ് അനുവദിക്കാത്ത യോഗ്യരായ സ്ഥാപനങ്ങൾക്ക് വീണ്ടും അപേക്ഷ നൽകാവുന്നതാണ്. 2012-13 വർഷത്തിൽ അപേക്ഷിക്കുകയും ഗ്രാന്റ് കിട്ടാത്തതുമായ സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പമുള്ള അനുബന്ധ രേഖകൾ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അങ്ങനെയുള്ള അപേക്ഷകർ ഓൺലൈൻ മുഖാന്തിരം ലഭിക്കുന്ന പ്രിന്റൗട്ട് മാത്രമായി സമർപ്പിച്ചാൽ മതിയാകും. എന്നാൽ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ വ്യത്യാസം ഉണ്ടെങ്കിൽ അവ പുതുക്കി നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ ഗ്രാന്റ് ലഭിക്കുകയോ അനുവദിക്കുകയോ ചെയ്ത സ്ഥാപനങ്ങൾ യാതൊരു കാരണവശാലും അപേക്ഷിക്കാൻ പാടില്ല. ഗ്രാന്റ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ വീണ്ടും അപേക്ഷ സമർപ്പിച്ചാൽ നിരുപാധികം നിരസിക്കുന്നതായിരിക്കും.

ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്കായുള്ള നിർദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

എൽ. രാജൻ
അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
(ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി